**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2412** **30-09-2025 - ൽ മറുപടിയ്ക്ക്**

**മലയിൻകീഴ് താലൂക്ക് ആശുപത്രിക്ക് സ്ഥലം വാങ്ങുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലയിൻകീഴ് താലൂക്ക് ആശുപത്രിക്കായി സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് റസീപ്റ്റ് നമ്പർ 2222617/2025 പ്രകാരം ലഭിച്ച നിർദേശത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ച 2222617/2025 നമ്പർ റസീപ്റ്റ് 23.09.2025-ൽ SPMC സെക്ഷനിൽ ലഭ്യമായിട്ടുള്ളതും ആയത് സംബന്ധിച്ച് LSGD/PD/29369/2025-SPMC2 നമ്പർ ഫയലിൽ ഭരണാനുമതിയ്ക്കുള്ള തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.<br><br>മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രി വികസനത്തിന് ഭൂമി വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് അടങ്കൽ തുകയായി 450 ലക്ഷം രൂപയും ആയതിന്റെ 20% തുകയായ 90 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലൂടെ അനുബന്ധം II വാല്യം 2-ൽ ക്രമ നമ്പർ 2223 ആയി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ, 2025-26 സാമ്പത്തിക വർഷത്തിൽ പ്രസ്തുത തുക വകയിരുത്തിയതായി കാണുന്നില്ല. പ്രയോരിറ്റി വർക്ക് ആയതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ വച്ചിട്ടുള്ള 20% തുകയുടെ പ്രൊപ്പോസൽ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ പരിശോധിച്ചു വരികയാണ്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുമ്പോൾ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഏത് സെക്ഷനാണ് പ്രസ്തുത ഫയൽ കൈകാര്യം ചെയ്യുന്നത്; കാലതാമസം ഒഴിവാക്കി നിർദേശം ഗവൺമെന്റിന് സമ ടി ർപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ച 2222617/2025 നമ്പർ റസീപ്റ്റ് 23.09.2025-ൽ SPMC സെക്ഷനിൽ ലഭ്യമായിട്ടുള്ളതും ആയത് സംബന്ധിച്ച് LSGD/PD/29369/2025-SPMC2 |

| | | | |
|---|---|---|---|
| | | | നമ്പർ ഫയലിൽ ഭരണാനുമതിയ്ക്കുള്ള തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.<br><br>മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രി വികസനത്തിന് ഭൂമി വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് അടങ്കൽ തുകയായി 450 ലക്ഷം രൂപയും ആയതിന്റെ 20% തുകയായ 90 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലൂടെ അനുബന്ധം II വാല്യം 2-ൽ ക്രമ നമ്പർ 2223 ആയി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ, 2025-26 സാമ്പത്തിക വർഷത്തിൽ പ്രസ്തുത തുക വകയിരുത്തിയതായി കാണുന്നില്ല. പ്രയോരിറ്റി വർക്ക് ആയതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ വച്ചിട്ടുള്ള 20% തുകയുടെ പ്രൊപ്പോസൽ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ പരിശോധിച്ചു വരികയാണ്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുമ്പോൾ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ